(ബി) കുടിശ്ശിക സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും വിധി ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) പ്രസ്തുത വിധിയിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) റോഡുവിഭാഗത്തിൽ 31-12-2000-ൽ തയ്യാറാക്കിയ കണക്കനുസരിച്ച് ജില്ല തിരിച്ചുള്ള കുടിശ്ശിക വിവരങ്ങളും കെട്ടിട വിഭാഗത്തിലെ 31-1-2001-ലെ കണക്കനുസരിച്ചുള്ള കുടിശ്ശിക വിവരങ്ങളും അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.† മറ്റു വിഭാഗങ്ങളിലെ വിവരം ശേഖരിച്ചു വരുന്നു.

(ബി-ഡി) ബഹു: ഹൈക്കോടതിയുടെ 28-10-2000-ലെ ഉത്തരവിൻപ്രകാരം പൊതുമരാമത്ത് വകുപ്പിലേയും ജലസേചനവകുപ്പിലേയും കോൺട്രാക്ടർമാർക്ക് 31-3-99 വരെയുള്ള കുടിശ്ശികയായി 150 കോടി രൂപ വിതരണം ചെയ്യാൻ ഉത്തരവായിട്ടുണ്ട് അതിൻപ്രകാരം 168.92 കോടി രൂപ ഇതിനകം നൽകിയിട്ടുണ്ട്. കോടതി ഉത്തരവിന്റെ പകർപ്പ് ഹാജരാക്കുന്നു.†

കരാറുകാർക്ക് കൊടുത്ത് തീർക്കാനുള്ള കുടിശ്ശിക

121 (713) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ പണികൾ ചെയ്തു തീർത്ത വകയിൽ കരാറുകാർക്ക് എത്ര രൂപ കൊടുത്തു തീർക്കാനുണ്ട് ;

(ബി) ഏതു തീയതി വരെയുള്ള കുടിശ്ശിക കൊടുത്തു തീർത്തിട്ടുണ്ട് ;

(സി) ഈ ഇനത്തിൽ പലിശ കൊടുക്കേണ്ടതുണ്ടോ ; എങ്കിൽ എത്ര രൂപ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും വിഭാഗത്തിൽ 31-12-2000-ലെ കണക്കനുസരിച്ച് 614.09 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 31-1-2001 വരെയുള്ള കണക്കനുസരിച്ച് 100.71 കോടി രൂപയും പണികൾ ചെയ്തു തീർത്ത വകയിൽ കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ട് മറ്റു വിഭാഗങ്ങളിലും നിന്ന് വിവരം ശേഖരിച്ചു വരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 31-3-99 വരെയുള്ള കുടിശ്ശികയും റോഡുകളും പാലങ്ങളും വിഭാഗത്തിൽ 31-3-1999 വരെയുള്ള

†അനുബന്ധം -XI,XI a

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശികയിൽ 8.66 കോടി രൂപ ഒഴികെയുള്ള തുകയും കൊടുത്തു തീർത്തിട്ടുണ്ട്. മറ്റു വിഭാഗങ്ങളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) പലിശ കൊടുക്കുന്നത് ബഹു : സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് ഷെഡ്യൂൾ ഓഫ് റേറ്റ്സിന്റെ അടിസ്ഥാനത്തിൽ നൽകുന്ന തുക

122 (714) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് ഷെഡ്യൂൾ ഓഫ് റേറ്റ്സിന്റെ വളരെ കൂടുതൽ ശതമാനത്തിൽ തുക നിശ്ചയിച്ച് കൊടുക്കേണ്ടി വരുന്നത് അവർക്ക് കരാറുതുക സമയത്തു നൽകാത്തതുകൊണ്ടാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കരാറുകാർക്ക് പണം സമയത്ത് നൽകികൊണ്ട് ഷെഡ്യൂൾ ഓഫ് റേറ്റ്സിന്റെ അധികം നിരക്കിൽ അനുവദിച്ച് കൊടുക്കുന്ന രീതി ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

(സി) ഇല്ലെങ്കിൽ ഗവൺമെന്റിന് ലാഭം ഉണ്ടാകുന്ന ഇത്തരം രീതിയെക്കുറിച്ച് ആലോചിക്കുമോ ?

ഉത്തരം

(എ-സി) ടെണ്ടറിൽ ഏറ്റവും കുറഞ്ഞ റേറ്റ് കോട്ട് ചെയ്യുന്ന കരാറുകാരനെ മാത്രമാണ് പണിയേൽപ്പിക്കുന്നത്. എന്നാൽ ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ നിർദ്ദേശിച്ചിട്ടുള്ള റേറ്റിന് മെറ്റീരിയൽസും ലേബർ ചാർജും ലഭ്യമാകാതെ വരുന്ന സന്ദർഭങ്ങളിൽ കരാറുകാർ എഴുതുന്ന റേറ്റ് കൂടുതലാകാൻ സാദ്ധ്യതയുണ്ട്. കരാറുതുക സമയത്ത് കൊടുക്കാത്തതുകൊണ്ടാണോ കരാറുകാർ കൂടുതൽ തുക കോട്ട് ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്തെ കരാറുകാർക്ക് കൊടുക്കുവാനുള്ള തുക

123 (715) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കരാറുകാർക്ക് 31-1-2001 വരെ എത്ര തുക കൊടുത്തു തീർക്കുവാനുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തു തീർക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly